ഭരണഭാഷ - മാതൃഭാഷ

## ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)

(ഹാജർ: കെ.ബിജു ഐ എ എസ് )

---

നം.എൽ.ആർ.സി3-24541/2020 തീയതി:05.10.2020

---

വിഷയം : സ്ഥലമെടുപ്പ് - കോട്ടയം ജില്ല - പട്ടിത്താനം - മണർകാട് - ബൈപ്പാസ് - ഏറ്റുമാനൂർ വില്ലേജ് - പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള പാക്കേജ് - അംഗീകാരം നൽകുന്നത് - സംബന്ധിച്ച്

സൂചന : കോട്ടയം ജില്ലാ കളക്ടറുടെ 14.08.2020 ലെ DCKTM/7047/2018-G2 നമ്പർ റിപ്പോർട്ട്.

കോട്ടയം ജില്ലയിൽ പട്ടിത്താനം-മണർകാട് ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ വില്ലേജിൽ റീസർവ്വെ 129/2-5 നമ്പറിലുള്ള 0.0040 ഹെക്ടർ, റീസർവ്വെ 129/2-10 -ൽ പ്പെട്ട 0.0048 ഹെക്ടർ, റീസർവ്വെ 185/2-1 -ൽ പ്പെട്ട 0.0518 ഹെക്ടർ, പേരൂർ വില്ലേജിൽ റീസർവ്വെ 244/1-3 -ൽ പ്പെട്ട 0.0393 ഹെക്ടർ എന്നിവ ഉൾപ്പെടെ ആകെ 0.0999 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജി.ഒ(ആർ.റ്റി) നം.4362/16/ആർഡി തീയതി 18.10.16 പ്രകാരം ഉത്തരവ് ആയിട്ടുള്ളതും, ടി സ്ഥലമെടുപ്പ് സംബന്ധിച്ച സാമൂഹ്യാഘാതപഠനം നടത്തിയിട്ടുള്ളത് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി സ്ഥലമെടുപ്പ് സംബന്ധിച്ച 11(1) നോട്ടിഫിക്കേഷൻ നിയമം അനുശാസിക്കുന്നതരത്തിൽ നിർദ്ദിഷ്ടസ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് RFCTLARR Act 2013 ചട്ടം 16(6) അനുശാസിക്കുംപ്രകാരം പാക്കേജിന് അർഹതയുള്ളവരുടെ വിചാരണ അഡ്മിനിസ്ട്രേറ്ററുടെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടികളക്ടറുടെ കാര്യാലയത്തിൽവച്ച നടത്തിയിട്ടുള്ളതാണ്.

എൽ.എ.ആർ.ആർ ആക്ട് -2013 സെക്ഷൻ 44, 01.11.2015 -ലെ ജി.ഒ.(പി) 589/15/ആർഡി നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ ഓഫീസറുടെ റിപ്പോർട്ടിന്റേയും അഡ്മിനിസ്ട്രേറ്ററുടെ വിചാരണയുടേയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുള്ള പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജിൽ ഉൾപ്പെടുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ ജി.ഒ(എം.എസ്) 448/17/ ആർഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1. | 1. ശ്രീ.റ്റി.പി.രാജു S/o പരമേശ്വരൻ നായർ<br>2. ശ്രീ.റ്റി.പി.രാജു ഭാര്യ സി.വിജയമ്മ | 1, 5, 6, 10 | 4,60,000/- |
| | ആകെ | | 4,60,000/- |

**(നാല് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)**

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചതിൽ 2013 -ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ട് നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമപ്രകാരം നൽകേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടർ സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ള പാക്കേജ് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

എൽ.എ.ആർ.ആർ.ആക്ട് 2013 സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേട്ട്, തഹസീൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെട്ടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ

പകർപ്പ്:-

ജില്ലാ കളക്ടർ,
കോട്ടയം.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.

T4.